നിഷാദരാജാവായ ഹിരണ്യധനുസ്സിന്റെ പുത്രൻ ഏകലവ്യൻ അസ്ത്രശസ്ത്രവിദ്യ പഠിക്കാനുള്ള മോഹവുമായാണ് ദ്രോണാചാര്യരെ സമീപിച്ചത്. എന്നാൽ ഒരു നിഷാദനെ ശിഷ്യനായി സ്വീകരിക്കാൻ അദ്ദേഹം തയാറായില്ല. നിരാശനായ ഏകലവ്യൻ ദ്രോണാചാര്യരുടെ മൺപ്രതിമയുണ്ടാക്കി സങ്കല്പഗുരുസാന്നിദ്ധ്യത്തിൽ വിദ്യ അഭ്യസിച്ചു കേമനായ കഥ മഹാഭാരതത്തിൽ ഉണ്ട്.

നൃത്തം പഠിക്കാനുള്ള മോഹം ഉള്ളിലൊതുക്കി നടന്ന ബാലൻ പത്താംതരം പരീക്ഷ കഴിഞ്ഞു നിന്ന കാലഘട്ടത്തിൽ വീഡിയോ കാസറ്റിലൂടെ മൈക്കിൾ ജാക്സനെ ഗുരുവായി സ്വീകരിച്ച് നൃത്തം പഠിക്കുകയും പിന്നീട് നൃത്തം അവതരിപ്പിക്കുകയും തന്റെ അടുത്ത തലമുറയിലെ കുട്ടികളെ നൃത്തം അഭ്യസിപ്പിക്കുകയും ചെയ്യുന്ന ഒരു കഥയാണ് ഈ ദളത്തിൽ ഇതൾ വിരിയുന്നത്.
കഴിഞ്ഞ 'കോറിയോ' പരിപാടിയിലെ ഏക പുരുഷസാന്നിദ്ധ്യം.

അനീഷ് ചന്ദ്രൻ,
സൗത്ത് ഇന്ത്യൻ ബാങ്ക്,
വെളിയംകോട് ശാഖ.

റിട്ടയേർഡ് സ്റ്റേഷൻ മാസ്റ്റർ ശ്രീ വി ചന്ദ്രന്റെയും പദ്മിനിയുടെയും മൂന്ന് മക്കളിൽ ഏറ്റവും മൂത്തയാൾ, താഴെ രണ്ട് പെൺകുട്ടികൾ.
ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടുവരെ ഒരേ സ്കൂളിൽ പഠിക്കാൻ ഭാഗ്യം കിട്ടിയ ആൾ. അച്ഛൻ അടിക്കടി സ്ഥലം മാറ്റം കിട്ടുന്ന ജോലി ആയിട്ടും കുട്ടികളുടെ പഠനത്തെ ബാധിക്കാതിരിക്കാൻ കുടുംബത്തെ കോഴിക്കോട് തന്നെ നിലനിർത്തിയപ്പോൾ കിട്ടിയതാണ് കോഴിക്കോട് ഈസ്റ്റ് ഹിൽ കേന്ദ്രീയവിദ്യാലയത്തിൽ പഠിക്കാനുള്ള ഭാഗ്യം.ഇന്ന് ചിന്തിക്കുമ്പോൾ മാറി മാറി പോയി സി ബി എസ് സി സ്കൂളുകളിലും കൂടി പഠിച്ചിരുന്നെങ്കിൽ കലോത്സവങ്ങളിലും ഒക്കെ പങ്കെടുത്ത് ഒരു പ്രതിഭാപട്ടം ഒക്കെ നേടമായിരുന്നു എന്നും അനീഷിന് തോന്നാറുണ്ട്.

സ്കൂളിൽ പഠിക്കുന്ന കാലത്ത് സംഗീതപ്രേമിയായ അച്ഛൻ സംഗീതം പഠിക്കാൻ പ്രേരിപ്പിച്ചെങ്കിലും അനീഷിന്റെ മനസ്സ് നൃത്തച്ചുവടുകളിൽ കുരുങ്ങികിടന്നു.
അച്ഛൻ ശാസ്ത്രീയമായി ഒന്നും പഠിച്ചിട്ടില്ലാത്ത ആളാണെങ്കിൽ കൂടി പാട്ടും വരയും ഒക്കെ അദ്ദേഹം അനീഷിനെ പഠിപ്പിച്ചു.

സ്കൂളിൽ ആർട്ടിനും സ്പോർട്ടിനും ഒക്കെ സ്ഥിരമായി പങ്കെടുത്തിരുന്ന അനീഷ് നിരവധി ഇനങ്ങളിൽ സമ്മാനങ്ങൾ നേടുകയും സ്ഥിരമായി ഹൌസ് ക്യാപ്റ്റൻ പദവി അലങ്കരിക്കുകയും ചെയ്തു. പല വർഷങ്ങളിലും അനീഷ് ക്യാപ്റ്റൻ ആയ ഹൌസ് ആയിരുന്നു ഓവറോൾ ചാമ്പ്യൻ ആവുക. ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ നാടകത്തിൽ അഭിനയിക്കാൻ അവസരം കിട്ടിയ അനീഷ്, പങ്കെടുക്കാത്ത ഇനങ്ങൾ ഉണ്ടായിരുന്നില്ല. പെയിന്റിംഗ്, ഡാൻസ്, നാടകം, ഫാൻസി ഡ്രസ്സ് എന്ന് വേണ്ട എവിടെയും തന്റെ സാന്നിദ്ധ്യം ഉറപ്പാക്കുകയും സമ്മാനങ്ങൾ വാരിക്കൂട്ടുകയും ചെയ്തു. സ്കൂളിലെ

പഠനകാലത്ത് കലാപ്രവർത്തനങ്ങളുടെ പേരിൽ യങ് ടാലെന്റ്സ് ഓഫ് ഇന്ത്യയുടെ സർട്ടിഫിക്കറ്റുകളും നേടിയിട്ടുണ്ട്.

കണ്ണീർ പൂവിന്റെ കവിളിൽ തലോടി... എന്ന ഗാനം പാടി സ്കൂളിൽ താരമായ കഥ വിവരിച്ചപ്പോൾ അനീഷ് അന്നത്തെ കുട്ടിയായി. കീബോർഡ് വായിക്കാനും ഒക്കെ ഇക്കാലത്ത് പഠിച്ചത് സ്വയമാണ്.
അന്നൊക്കെ നൃത്തം പെൺകുട്ടികളുടെ കുത്തകയായിരുന്ന സ്കൂളിൽ അന്നത്തെ പ്രിൻസിപ്പൽ ഉഷാ മാഡത്തിന്റെ പിന്തുണയോടെ പെൺകുട്ടികൾക്കൊപ്പം നൃത്തവേദി പങ്ക് വച്ചതെക്കുറിച്ച് പറയുമ്പോൾ അനീഷിന്റെ വാക്കുകളിൽ ഉഷാ മാഡത്തോടുള്ള ആദരം നിറഞ്ഞുതുളുമ്പി.

സ്കൂൾ വിദ്യാഭ്യാസം പര്യവസാനിപ്പിച്ച് അനീഷ് ദേവഗിരി സെയിന്റ് ജോസഫ് കോളേജിൽ ബി എസ് സി ക്ക് ചേർന്നെങ്കിലും ഒരു വർഷത്തിനകം കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായി. ആ ഒരു വർഷം കൊണ്ട് തന്നെ മാതൃഭൂമി കലോത്സവത്തിൽ വരെ പങ്കെടുത്ത് അനീഷ് ദേവഗിരി കോളേജിൽ തന്റെ സാന്നിദ്ധ്യം അറിയിച്ചു.

കോളേജ് കാലം ജീവിതത്തിലെ വർണാഭമായ കാലമായാണ് അനീഷ് വിലയിരുത്തുന്നത്.
മൈക്കിൾ ജാക്സനെപ്പോലെ പ്രഭുദേവക്കും തന്റെ മനസ്സിൽ ഇടം നൽകിയ അനീഷിന് നൃത്തവേദികൾ കീഴടക്കാൻ കഴിഞ്ഞത് ആ കാലഘട്ടത്തിലാണ്. ബി സോൺ കലോത്സവത്തിലും ഇന്റർസോൺ കലോത്സവത്തിലും താൻ നേതൃത്വം നൽകുന്ന ഡാൻസ് ടീമിനെ മുൻനിരയിലെത്തിക്കാൻ കഴിഞ്ഞത് അനീഷിന്റെ തികഞ്ഞ ആത്മവിശ്വാസമായിരുന്നു.ഈ ടീമുമായി നിരവധി മത്സരങ്ങളിൽ പങ്കെടുക്കാനും സമ്മാനങ്ങൾ നേടാനും കഴിഞ്ഞതിന് പുറമെ കൈരളി, ജീവൻ തുടങ്ങിയ ടീവി ചാനലുകളിൽ നൃത്തപരിപാടികൾ അവതരിപ്പിക്കാനും കഴിഞ്ഞു. ഗ്രൂപ്പിനങ്ങൾക്ക് പുറമേ ഒറ്റക്കുള്ള ഡാൻസ് ഇനങ്ങളിലും അനീഷ് തിളക്കമുള്ള താരമായിരുന്നു.

എൻജിനീയറിങ് പഠനം പൂർത്തിയാക്കി ഒരു വർഷം വൈദ്യുതി ബോർഡിൽ അപ്രെന്റിസ് ജോലി നോക്കിയെങ്കിലും പിന്നീട് ബാങ്ക് ജോലിയിൽ എത്തിച്ചേരുകയായിരുന്നു.2008 ൽ സൗത്ത് ഇന്ത്യൻ ബാങ്കിൽ പ്രൊബേഷനറി ഓഫീസർ ആയി ചേർന്നത് മനോഹരമായ ഉദയ്പ്പൂരിൽ ആയിരുന്നു. അവിടെനിന്നും ഡൽഹിയിലെ വസന്ത്കുഞ്ചിലേക്കും, ചില ആരോഗ്യപ്രശ്നങ്ങളിൽ പെട്ട് പിന്നെ നാട്ടിലേക്കും. 2012ൽ അടുത്ത ഗ്രേഡ് പ്രൊമോഷനിൽ തിരുവനന്തപുരം ജില്ലയിലെ പകൽക്കുറിയിൽ എത്തിച്ചേർന്നു. പിന്നീട് കൊല്ലം ജില്ലയിലെ തേവലക്കരയിലും കോഴിക്കോട് തിരുവമ്പാടിയിലും ജോലി ചെയ്ത ശേഷമാണ് ഇന്ന് ജോലി ചെയ്യുന്ന വെളിയംകോട് ശാഖയിൽ മാനേജർ സ്ഥാനം ഏറ്റെടുത്തത്.

ബാങ്കിംഗ് ഇതര മേഖലകളിലെ ക്രിയാത്മക പ്രവർത്തനങ്ങൾക്ക് എന്നും ഏറെ പ്രോത്സാഹനം നൽകിയിട്ടുള്ള ബാങ്ക് തനിക്കും ഒരുപാട്

പ്രോത്സാഹനം നൽകിയിട്ടുണ്ടെന്ന് അനീഷ് നന്ദിയോടെ സ്മരിക്കുന്നു. വടക്കേ ഇന്ത്യയിൽ ജോലി നോക്കുന്ന കാലത്ത് ബാങ്കിന്റെ നേതൃത്വത്തിൽ ഫുട്ബോൾ മാച്ച് സംഘടിപ്പിക്കുകയും ഇവിടെ വന്ന ശേഷം ഫുട്ബോൾ ടീം ഉണ്ടാക്കി ബാങ്കിന് വേണ്ടി കളിക്കുകയും ഒക്കെ ചെയ്യാൻ കഴിഞ്ഞത് അത് കൊണ്ടാണെന്ന കാര്യം അനീഷ് മറക്കുന്നില്ല. AIBOC കോഴിക്കോട് നടത്തിയ ഇന്റർബാങ്ക് ഫുട്ബോൾ മത്സരത്തിൽ പ്ലേയർ ഓഫ് ദി മാച്ച് പദവി അനീഷിനായിരുന്നു. ബാങ്കിന്റെ ഇടയ്ക്കിടെ ഉണ്ടാകാറുള്ള കുടുംബസംഗമങ്ങളിൽ തന്റെ നൃത്തച്ചുവടുകൾക്ക് വർണം പകരാൻ അനീഷ് ശ്രമിക്കാറുണ്ട്. നൃത്തത്തിൽ മാത്രമല്ല സ്കിറ്റിലും അതിന്റെ സാങ്കേതിക ജോലികളിലും എല്ലാം മുൻപന്തിയിൽ തന്നെയുണ്ടാകും. തിരുവനന്തപുരം റീജിയനിൽ ജോലി നോക്കുമ്പോൾ നടന്ന ബാങ്ക് മീറ്റിൽ താൻ നേതൃത്വം നൽകിയ റീജിയനെ ഒന്നാം സ്ഥാനത്തെത്തിക്കാൻ കഴിഞ്ഞത് ഒരു വലിയ നേട്ടമാണെന്ന് അനീഷ് അഭിമാനിക്കുന്നു.

പെരുവയൽ ഗ്രാമപഞ്ചായത്ത് നടത്തിയ കേരളോൽസവത്തിൽ കഴിഞ്ഞ വർഷം പെയിന്റിംഗിന് ഒന്നാം സ്ഥാനം അനീഷിനായിരുന്നു. ബ്ലോക്ക് തലത്തിലും അത് നിലനിറുത്താൻ കഴിഞ്ഞു എന്ന് പറയുമ്പോൾ അനീഷിന്റെ വാക്കുകളിൽ സന്തോഷം തുടികൊട്ടി.

ദിവ്യയാണ് അനീഷിന്റെ ജീവിതത്തിന്റെ ചുവടുകൾക്ക് താളം പകരുന്നത്. യു കെ ജി വിദ്യാർത്ഥിയായ ദേവ് നന്ദും ദിവ്യയും ഒക്കെ ചേർന്നുള്ള നൃത്തച്ചുവടുകൾ വീടിന്റെ ഉള്ളിലുണ്ടാക്കുന്ന താളം അനിർവചനീയമെന്ന് അനീഷ്.
അനീഷിന്റെ സഹോദരിമാരും നൃത്തത്തെ സ്നേഹിക്കുന്നവരാണ്. സാധാരണ ആൺകുട്ടികളാണ് മൈക്കിൾ ജാക്സന്റെ ആരാധകരെങ്കിൽ അനീഷിന്റെ ഇളയ സഹോദരിയെ വ്യത്യസ്തയാക്കുന്നത് ആൺകുട്ടികളുടെ വേഷമിട്ടു കൊണ്ട് അവൾ ചെയ്യുന്ന മൈക്കിൾ ജാക്സന്റെ ഡാൻസ് പ്രകടനമാണ്.

നൃത്തത്തെയും ചിത്രങ്ങളെയും സിനിമയെയും അഭിനയത്തെയും ഫുട്ബോളിനെയും എല്ലാം സ്നേഹിക്കുന്ന അനീഷിന് എല്ലാ വിജയങ്ങളും ഉണ്ടാകട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ് കുടുംബം ആശംസിക്കുന്നു.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Gayathry T R (Gayathry Tr) , State Bank of India, Thejaswini Branch, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

-----------------------------------------------------------------------------------------------

Ekalavya, the son of the Nishada king Hiranyadhanus had approached Dronacharya with a desire to

learn the art of warfare and the use of weaponry. But Dronacharya was not ready to accept a Nishada as his disciple. There is a story in the Mahabharata about how Ekalavya built a clay idol of Dronacharya and followed his passion conceptualising the idol as his guru.

This edition we present the story of young boy who conceptualized none other than Michael Jackson himself as his dance guru to follow his passion of dancing and learnt the steps from his video cassettes and went on to perform as well as train the future generations in dance. He was the sole male performer in our "Choreo" programme.

Anish Chandran
South Indian Bank
Veliamcode Branch

Anish is the son of Sri.V.Chandran (Retd. Station master) and Smt.Padmini. He is the eldest and has two sisters.
He was fortunate enough to complete his schooling at a single school, (East Hill, Kendriya Vidyalaya) despite his father's transferrable job mainly due to the reason that his father did not want their education to get affected by transfers and so retained his family at their hometown in Kozhikode. Thinking back, Anish feels that if he had been transferred from one CBSE school to another he would have got the opportunity to win a pratibha title by participating in different competitions.

Being a music lover himself, his father encouraged Anish to learn music, but young Anish's mind kept turning to dance. His father taught him drawing and music even though he had never learnt it formally.

Anish won several prizes for competitions at school and was also nominated as the house captain several times and his house would be crowned the overall champion most of the time. Right from his participation in a skit as a first standard student, there aren't many items in which Anish hasn't won prizes, painting, dance, drama and fancy dress are to name a few. In due respect to this he has won the young talent of India certificate several times during his school days.

As he reminisced how his singing of the song "Kanneer poovinte kavilil thalodi" made him a star at his school, he turned back into the young school boy. He had learnt to play the keyboard also by himself.

Dance had been the forte for girls in those times and it was with the encouragement of his principal Usha madam that he shared the arena with them. His respect for her were evident in his words.

Anish joined for the B.Sc course at St.Joseph's College, Devagiri and within a year got enrolled as an engineering student at Rajiv Gandhi institute of technology. In that short stint at Devagiri, he had made his presence known by participating in the Mathrubhumi kalolsavam.

Anish rates his college life as the most colourful. With Michael Jackson and Prabhudeva as his idols, he shone like a perfect star on dance stages during these days. His confidence took his dance team led by him to the forefront of B zone youth festival and interzone youth festivals. He not only won several prizes with this team but also performed on TV channels like Jeevan and Kairali with the same team. He also made a mark with his solo performances.

Even though he worked as an apprentice at the electricity board after completing his course, he soon joined the banking sector. His first posting was at the beautiful city of Udaipur when he joined the South Indian Bank in 2008.. He then got transferred to Vasantkunj in Delhi. Health issues brought him back to Kerala. After his promotion he got transferred to Pakalkuri branch in Trivandrum, then thevalakara in Kollam, thiruvambadi in Kozhikode and finally Veliamcode branch where he is presently posted.

Anish is very grateful to his bank for encouraging his extra-curricular activities especially its support when he organised a football match during his north Indian stint and when he formed a football team for the bank and played in it. He won the player of the match title in the interbank football tournament held by AIBOC at Kozhikode.

Anish shakes a leg at family meets and also joins in for skits and remains at the forefront in all related matters. He was able to win the first place for his region in the bank meet held by the bank when he was in Trivandrum and he considers it one of his biggest achievements.

Anish won the first place in the painting in the keralotsavam held by the peruvayal village panchayat. He sounded excited when he told us how he was able to retain the top spot at the block level.

Anish is married to Divya and their son Dev Nand adds rhythm to their life. His sisters also love dance. Being an ardent fan of Michael Jackson,his youngest sister performs just like him.

The Talented Banker's team wishes this lover of dance, pictures,cinema,acting and football a bright and successful future.